പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 382     28-06-2011-ൽ മറുപടിയ്ക്ക്

## സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ്: | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നിരവധി സ്കൂൾ കുട്ടികൾ ബോട്ടുകളിലും വള്ളങ്ങളിലുമായി സ്കൂളുകളിൽ ദിവസേന എത്തിച്ചേരുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പലപ്പോഴും ബോട്ട് മറിഞ്ഞും വള്ളം മുങ്ങിയും അപകടം സംഭവിയ്ക്കാറുണ്ടെന്ന വാർത്ത പത്ര മാദ്ധ്യമങ്ങളിൽ വരുന്ന സാഹചര്യത്തിൽ ഇത്തരം സ്കൂളിലെ കുട്ടികൾക്ക് നീന്തൽ പരിശീലനം സൗജന്യമായി നൽകുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം നല്കുമോ ; | (ബി) ഇത്തരം സ്കൂളുകളിലെ കുട്ടികൾക്ക് നീന്തൽ പരിശീലനം സൗജന്യമായി നൽകുന്നതിന് സ്പോർട്സ് കൗൺസിൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ഇക്കാര്യത്തിൽ മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ഇതിന്റെ ഭാഗമായി സ്കൂൾ പാഠ്യപദ്ധതിയിൽ നീന്തൽ പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സ്പോർട്സ് കൗൺസിൽ, ജില്ലാ അക്വാട്ടിക് അസോസിയേഷൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ കഴിഞ്ഞ മദ്ധ്യ വേനലവധിക്കാലത്ത് സ്കൂൾകുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുകയുണ്ടായി. ഇതൊരു തുടർ പരിശീലന പദ്ധതിയായി നിലനിർത്തിയിട്ടുണ്ട്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നീന്തൽ കുളങ്ങൾ നിർമ്മിച്ച് ഷെഡ്യൂളടിസ്ഥാനത്തിൽ സ്കൂൾകുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി സംസ്ഥാന സ്പോർട്സ് കൗൺസിൽ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.